**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3629** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ പരിഷ്കരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരെ വിശ്വാസത്തിലെടുത്തും സ്ഥലമാറ്റങ്ങളിൽ ഉൾപ്പെടെ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലും കെ.എസ്.ആർ.ടി.സി. യിൽ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ സുപ്രധാന നടപടികൾ സ്വീകരിക്കുന്നത് അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്ത് വ്യക്തമായ ധാരണയോടുകൂടിയാണ്. സ്ഥലംമാറ്റ ഉത്തരവിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം, ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് നിയമാനുസൃതവും, അനുകമ്പാർഹതലത്തിലും അനുവദിക്കുവാൻ കഴിയുന്ന ഇളവുകൾ നല്കികൊണ്ടാണ് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ കൈവശം ഉള്ള സ്ഥലങ്ങളിൽ വരുമാന വർധന പദ്ധതികൾ നടപ്പാക്കി കെ. എസ്.ആർ.ടി.സി. യെ ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലെ കൈവശമുള്ള സ്ഥലങ്ങളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ